**പന്ത്രണ്ടാം കേരള നിയമസഭ**

**ആറാം സമ്മേളനം**

**നിയമസഭാ നടപടികളുടെ ചുരുക്കം**

**2007 സെപ്റ്റംബർ 5, ബുധൻ**

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

**I. ചോദ്യങ്ങൾ**

വാങ്മൂലം മറുപടി നൽകാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണം (*31*32&*33) സഭയിൽ ഉന്നയിക്കപ്പെടുകയും *31,*33 എന്നീ ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിയും *32-ാം നമ്പർ ചോദ്യത്തിന് മുഖ്യമന്ത്രിയും മറുപടി നൽകി.

**II. അടിയന്തിര പ്രമേയം**

സംസ്ഥാനത്ത് വിഷക്കള്ളും വ്യാജചാരായവും വ്യാപകമായി വിൽക്കപ്പെടുന്നതുമൂലമുളവായിട്ടുള്ളതായി പറയപ്പെടുന്ന അതീവ ഗുരുതരമായ സ്ഥിതിവിശേഷത്തെ സംബന്ധിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് പ്രൊഫ. കെ. വി. തോമസും മറ്റ് നാല് അംഗങ്ങളും നൽകിയ അടിയന്തിരപ്രമേയ നോട്ടീസിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

അതിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവ് ശ്രീ. ഉമ്മൻചാണ്ടി, സർവ്വശ്രീ കെ. എം. മാണി, സി. ടി. അഹമ്മദ് അലി എന്നീ അംഗങ്ങൾ പ്രസ്താവന നടത്തുകയും അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭവിട്ട് പുറത്തുപോകുകയും ചെയ്തു. ശ്രീ. കെ. ബി. ഗണേഷ്കുമാറും വാക്കൗട്ടിൽ പങ്കെടുത്തു. സഭവിട്ട് പുറത്തുപോയ അംഗങ്ങൾ അൽപ്പസമയത്തിനുശേഷം വീണ്ടും സഭയിൽ ഹാജരായി സഭാനടപടികളിൽ പങ്കെടുത്തു.

## III. ശ്രദ്ധ ക്ഷണിക്കൽ

1. ഗവൺമെന്റിൽനിന്ന് കൈപുസ്തകവും മാർഗ്ഗനിർദ്ദേശങ്ങളും ഫോറങ്ങളും യഥാസമയം ലഭിക്കാത്തതുമൂലം 2007-08-ലെ വാർഷിക പദ്ധതി നടത്തിപ്പിൽ സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകൾക്ക് അനുഭവപ്പെടുന്നതായി പറയപ്പെടുന്ന പ്രശ്നങ്ങളിലേയ്ക്ക് ശ്രീ. കെ. സി. ജോസഫ് ഉന്നയിച്ച ശ്രദ്ധ ക്ഷണിക്കലിന് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി മറുപടി നൽകി
2. സംസ്ഥാനത്ത് ഗാർഹിക പാചകവാതക വിതരണത്തിൽ നടന്നുവരുന്നതായി പറയപ്പെടുന്ന തിരിമറിമൂലം ഉണ്ടായിട്ടുള്ള പ്രശ്നങ്ങളിലേയ്ക്ക് ശ്രീ. എൻ. അനിരുദ്ധൻ ഉന്നയിച്ച ശ്രദ്ധ ക്ഷണിക്കലിന് ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി മറുപടി നൽകി.

## IV. സബ്മിഷൻ

1. പകർച്ചവ്യാധികളും അനുബന്ധരോഗങ്ങളും നിയന്ത്രിക്കുന്നതിന് W.H.O-യുടെ സഹായം തേടേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച്

പ്രതിപക്ഷനേതാവ് ശ്രീ. ഉമ്മൻചാണ്ടി ഉന്നയിച്ച സബ്മിഷന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി മറുപടി നൽകി.

2. കരിപ്പൂർ വിമാനത്താവളത്തിൽ മുന്നറിയിപ്പില്ലാതെ വിമാനങ്ങൾ ക്യാൻസൽ ചെയ്യുന്നതുമൂലം യാത്രക്കാർ അനുഭവിക്കുന്ന വിഷമതകൾ സംബന്ധിച്ച് ശ്രീ. മഞ്ഞളാംകുഴി അലി ഉന്നയിച്ച സബ്മിഷന് മുഖ്യമന്ത്രി മറുപടി നൽകി.

3. സംസ്ഥാനത്തെ ഹയർസെക്കണ്ടറി മേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച് ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ ഉന്നയിച്ച സബ്മിഷന് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി മറുപടി നൽകി.

4. വയോജന നയം നടപ്പാക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. പി. ജയരാജൻ ഉന്നയിച്ച സബ്മിഷന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി മറുപടി നൽകി.

5. പ്ളാസ്റ്റിക് നിരോധന ഉത്തരവ് ഫലപ്രദമായി നടപ്പിലാക്കേണ്ടത് സംബന്ധിച്ച് ശ്രീ. കെ. സി. വേണുഗോപാൽ ഉന്നയിച്ച സബ്മിഷന് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി മറുപടി നൽകി.

6. പെരുമ്പാവൂർ ട്രാവൻകൂർ റയോൺസ് തുറന്നുപ്രവർത്തിപ്പിക്കേണ്ടത് സംബന്ധിച്ച് ശ്രീ. സാജു പോൾ ഉന്നയിച്ച സബ്മിഷന് വ്യവസായ വകുപ്പുമന്ത്രി മറുപടി നൽകി.

7. ഈരാറ്റുപേട്ട K.S.R.T.C. സബ് ഡിപ്പോയുടെ ശോചനീയാവസ്ഥ സംബന്ധിച്ച് ശ്രീ. പി. സി. ജോർജ് ഉന്നയിച്ച സബ്മിഷന് ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി മറുപടി നൽകി.

8. ഉൽസവങ്ങൾക്ക് ആനകളെ എഴുന്നള്ളിക്കുന്നതിന് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ സംബന്ധിച്ച് ശ്രീ. ബാബു എം. പാലിശ്ശേരി ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

9. ആലപ്പുഴയിലെ തോട്ടപ്പള്ളിയിലുണ്ടായ വാഹനാപകടം സംബന്ധിച്ച് ശ്രീ. ബി. ബാബു പ്രസാദ് ഉന്നയിച്ച സബ്മിഷന് ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി മറുപടി നൽകി

10. കോസ്റ്റൽ റഗുലേഷൻ സോൺ (CRZ) വിജ്ഞാപനത്തിലെ നിബന്ധനകൾ നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി ഉന്നയിച്ച സബ്മിഷന് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി മറുപടി നൽകി.

## V. മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## VI. റിപ്പോർട്ട് സമർപ്പണം

കാര്യോപദേശക സമിതിയുടെ പതിമൂന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## VII. റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ 13-ാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം മുഖ്യമന്ത്രിയും റിപ്പോർട്ട് കാര്യോപദേശക സമിതിയുടെ പരിഗണനയ്ക്കായി വീണ്ടും തിരിച്ചയക്കണമെന്ന ഭേദഗതി ശ്രീ. കെ. ബാബുവും അവതരിപ്പിച്ചു. ഭേദഗതി 30-നെതിരെ 69 വോട്ടുകളോടെ നിരാകരിക്കുകയും പ്രമേയം സഭ അംഗീകരിക്കുകയും ചെയ്തതു.

## VIII. നിയമനിർമ്മാണ കാര്യം

**ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും**

**1. 2007-ലെ കേരള പോലീസ് (ഭേദഗതി) ബിൽ.**

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി 2007-ലെ കേരള പോലീസ് (ഭേദഗതി) ബില്ലും പ്രസ്തുത ബിൽ X-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയവും അവതരിപ്പിക്കുകയും ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യങ്ങൾ വിശദീകരിച്ചു കൊണ്ടുള്ള സ്റ്റേറ്റുമെന്റ് മേശപ്പുറത്ത് വയ്ക്കുകയും ചെയ്തു. പ്രമേയത്തെ കൃഷി വകുപ്പുമന്ത്രി പിന്താങ്ങി.

2007-ലെ കേരള പോലീസ് (ഭേദഗതി) ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം അവതരിപ്പിച്ചുകൊണ്ട് ശ്രീ. എ. പി. അനിൽകുമാറും പ്രമേയത്തെ പിന്താങ്ങിക്കൊണ്ട് ശ്രീ. സി. ടി. അഹമ്മദ് അലിയും സംസാരിച്ചു.

2007-ലെ കേരള പോലീസ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-10-2007 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി

അവതരിപ്പിച്ചുകൊണ്ട് ശ്രീ. പി. ജയരാജനും ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിച്ചുകൊണ്ട് ശ്രീ. വി. ഡി. സതീശനും സംസാരിച്ചു.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി ചർച്ചയ്ക്ക് മറുപടി പറഞ്ഞു.

നിരാകരണ പ്രമേയവും ഭേദഗതികളും നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

ബിൽ X -ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

## 2. 2007-ലെ കേരള വനിതാ കമ്മിഷൻ (ഭേദഗതി) ബിൽ

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി 2007-ലെ കേരള വനിതാ കമ്മിഷൻ (ഭേദഗതി) ബിൽ അവതരിപ്പിക്കുകയും ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റ് മേശപ്പുറത്തുവയ്ക്കുകയും ചെയ്തു. പ്രമേയത്തെ കൃഷി വകുപ്പുമന്ത്രി പിന്താങ്ങി.

## IX. ക്രമപ്രശ്നം

മണി ബിൽ ആയതിനാൽ ബിൽ അവതരിപ്പിക്കാൻ ഗവർണ്ണറുടെ മുൻകൂർ അനുമതി ആവശ്യമാണെന്ന് ക്രമപ്രശ്നം ഉന്നയിച്ചും ബില്ലിന്റെ അവതരണത്തെ എതിർത്തുകൊണ്ടും ശ്രീ. കെ. എം. മാണി സംസാരിച്ചു.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി അതിന് മറുപടി പറഞ്ഞു.

തടസ്സവാദങ്ങൾ നിലനിൽക്കുന്നതല്ലെന്ന് ബഹുമാനപ്പെട്ട സ്പീക്കർ റൂളിംഗ് നൽകി.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി 2007-ലെ കേരള വനിതാ കമ്മിഷൻ (ഭേദഗതി) ബിൽ സാമൂഹ്യ സേവനം സംബന്ധിച്ച VI -ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുകയും ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി പ്രമേയത്തെ പിന്താങ്ങുകയും ചെയ്തു.

2007-ലെ കേരള വനിതാ കമ്മിഷൻ (ഭേദഗതി) ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം അവതരിപ്പിച്ചുകൊണ്ട് ശ്രീ. ടി. എൻ. പ്രതാപനും പ്രസ്തുത പ്രമേയത്തെ പിന്താങ്ങിക്കൊണ്ട് ശ്രീ. കെ. ബാബുവും സംസാരിച്ചു.

. 2007-ലെ കേരള വനിതാ കമ്മിഷൻ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-10-2007 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിച്ചുകൊണ്ട് ശ്രീ. ജോസ് തെറ്റയിലും ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിച്ചുകൊണ്ട് ശ്രീ. കെ. സി. വേണുഗോപാലും സംസാരിച്ചു.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി ചർച്ചയ്ക്ക് മറുപടി പറഞ്ഞു.

നിരാകരണ പ്രമേയവും ഭേദഗതികളും നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

2007-ലെ കേരള വനിതാ കമ്മിഷൻ (ഭേദഗതി) ബിൽ VI -ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

**3. 2007-ലെ അർത്ഥപലിശയും ജൻമിഭോഗവും കരത്തിൽ ചെലവും (നിർത്തലാക്കൽ) ബിൽ**

റവന്യൂ വകുപ്പുമന്ത്രി 2007-ലെ അർത്ഥപലിശയും ജൻമിഭോഗവും കരത്തിൽ ചെലവും (നിർത്തലാക്കൽ) ബിൽ അവതരിപ്പിക്കുകയും ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റ് മേശപ്പുറത്തുവയ്ക്കുകയും ചെയ്തു.

റവന്യൂ വകുപ്പുമന്ത്രി 2007-ലെ അർത്ഥപലിശയും ജൻമിഭോഗവും കരത്തിൽ ചെലവും (നിർത്തലാക്കൽ) ബിൽ ഭൂനികുതിയും വനവും മത്സ്യബന്ധനവും സംബന്ധിച്ച II -ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുകയും ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി പ്രമേയത്തെ പിന്താങ്ങുകയും ചെയ്തു.

2007-ലെ അർത്ഥപലിശയും ജൻമിഭോഗവും കരത്തിൽ ചെലവും (നിർത്തലാക്കൽ) ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം അവതരിപ്പിച്ചുകൊണ്ട് ശ്രീ. കെ. ശിവദാസൻ നായർ സംസാരിച്ചു.

2007-ലെ അർത്ഥപലിശയും ജൻമിഭോഗവും കരത്തിൽ ചെലവും (നിർത്തലാക്കൽ) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-10-2007 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിച്ചുകൊണ്ട് ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണിയും ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ

പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിച്ചുകൊണ്ട് ശ്രീ. ജോർജ് എം. തോമസും സംസാരിച്ചു.

ചർച്ചയ്ക്ക് റവന്യൂ വകുപ്പുമന്ത്രി മറുപടി പറഞ്ഞു.

നിരാകരണ പ്രമേയവും ഭേദഗതികളും നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

2007-ലെ അർത്ഥപലിശയും ജൻമിഭോഗവും കരത്തിൽ ചെലവും (നിർത്തലാക്കൽ) ബിൽ II -ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

2007 സെപ്തംബർ മാസം 6-ാം തീയതി വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 4.53-ന് പിരിഞ്ഞു.

..............